പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2552

09.07.2015 ൽ മറുപടിക്ക്

## മണ്ണ് എടുക്കുന്നതിനുള്ള നിയന്ത്രണം

ചോദ്യം

ശ്രീ.മോൻസ് ജോസഫ് :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വീട്ടുപണി നടത്തുന്നതിന് മണ്ണ് എടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം നിലനിൽക്കുന്നുണ്ടോ; ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉദാരമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | വ്യക്തിഗത ഗൃഹനിർമ്മാണങ്ങൾക്ക് (ഫ്ലാറ്റ് ഒഴികെ) സാധാരണ മണ്ണ് ഉപയോഗിക്കുന്നതിനും, കൊണ്ടുപോകുന്നതിനും മുൻകൂർ അനുമതി ആവശ്യമില്ല എന്ന് പരിസ്ഥിതി വകുപ്പിന്റെ 15.11.14 -ലെ GO(Ms) No.12/2014/പരി. നമ്പർ ഉത്തരവ് ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ 31.03.15-ലെ Application No.67/2015 (SZ) നമ്പർ ഉത്തരവിലൂടെ റദ്ദ് ചെയ്തിട്ടുള്ളതാണ്. ഇത് സംബന്ധിച്ച വ്യവസ്ഥ ഉദാരമാക്കുവാനുള്ള നടപടികൾ സർക്കാർ വ്യവസായ വകുപ്പ് മുഖാന്തിരം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | വീട് പണിക്ക് മണ്ണെടുത്തത് സംബന്ധിച്ച് റവന്യൂ അധികാരികൾ എടുത്ത കേസ്സുകളിൽ ജില്ലാ ഭരണകൂടങ്ങൾ അനാവശ്യ നടപടികൾ സ്വീകരിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | വീട്ടു പണിക്ക് മണ്ണെടുത്തതു സംബന്ധിച്ച കേസ്സ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ശ്രീ മോഹനൻ, മാന്നാർ, പൂഴിക്കൽ 705/15/VI P/M (R&C) നമ്പരായി റവന്യൂ മന്ത്രിക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) | ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ ഓഫീസിൽ നിന്നും 705/15/VIP/MR & C നമ്പരായി ലഭിച്ച പരാതി ഇ 12-22972/15 നമ്പരായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് പാലാ റവന്യൂ ഡിവിഷണൽ ഓഫീസർക്കും കോട്ടയം സീനിയർ ജിയോളജിസ്റ്റിനും കോട്ടയം ജില്ലാ കളക്ടർ അയച്ചു കൊടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ